'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നല്കുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1779/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/08/2019

---

പരാമർശം:- 1 29/12/2018 തീയതിയിലെ സ.ഉ(എം.എസ്)നം.195/2018/തസ്വഭവ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.5.2019-ലെ

5291/എൽ/09/കെ.എസ്.എച്ച്.ഒ. (2)നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്ന ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ നിരക്കിൽ 4.5 കോടി രൂപ ചെലവഴിച്ച് 30 വാഹനങ്ങൾ(സ്കൂൾ ബസ്) കുടുംബശ്രീയുടെ 2018-19 സാമ്പത്തിക വർഷത്തെ 2515-00-800-48 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് ചെലവഴിച്ച് വാങ്ങി നൽകുന്നതിന് അനുമതി നല്കിയിരുന്നു. ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി വാഹനങ്ങൾ വാങ്ങുന്നതിന് സാധിക്കാതിരുന്നതിനാൽ, ടി തുക 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനായി ടി ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് കുടുംബശ്രീ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നടപ്പ സാമ്പത്തിക വർഷം എന്നതിന് പകരം 2019-20 സാമ്പത്തിക വർഷത്തിൽ എന്ന് ഭേദഗതി വരുത്തി ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Dev-3/217/18/Fin dtd. 25/07/19 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ